കളക്ടർക്ക് ഉത്തരവ് കൊടുത്തിരിക്കുകയാണ്. 25-7-1986-ലാണ് ഈ ഉത്തരവ് കൊടുത്തത്. അതിനുശേഷം അത് റീ-ചെക്ക് ചെയ്തതിനുശേഷം വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(9) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയുടെ ശോചനീയാവസ്ഥ

ശ്രീ. വി. ദിനകരൻ: സർ, ആലപ്പുഴ മെഡിക്കൽ കോളേജിന്റെ ശോചനീയമായ സ്ഥിതിയെ കുറിച്ചാണ് എനിക്ക് പറയുവാനുള്ളത്. അവിടെ കെട്ടിടം പണി വളരെ മന്ദഗതിയിലാണ്. അവിടെ 30 ഡോക്ടർമാരുടെ ഒഴിവുകളുണ്ട്. ഒരു ജനറേറ്റർ പോലുമില്ല. സ്കാൻ, എക്സ്റേ വാങ്ങുന്നതിന് 17 ലക്ഷം രൂപയുടെ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കിട്ടിയിട്ടില്ല. അവിടെ ഹെൽത്ത് ക്ലിനിക്ക് ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടു. 67 ലക്ഷം രൂപയുടെ സ്കീമാണ്. അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കിട്ടി. പക്ഷേ പണി നടന്നിട്ടില്ല. അവിടെ സ്റ്റാഫ് കാർ പോലുമില്ല. ആംബുലൻസില്ല. ബ്ലഡ് ബാങ്കിന്റെ പ്രവർത്തനം ശോചനീയമാണ്. ആ ആശുപത്രിയുടെ ദുഃസ്ഥിതി അവസാനിപ്പിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, ആലപ്പുഴ മെഡിക്കൽ കോളേജിൽ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ ഡോക്ടർമാരുടെ ഒഴിവുകളുണ്ട്. അവിടെ ഓപ്പറേഷൻ തീയേറ്ററിൽ കറൻറ് കിട്ടാതിരിക്കുന്നതുകൊണ്ട് ഓപ്പറേഷൻ നടക്കുന്നില്ല. ഇപ്പോൾ 150 ബെഡ്ഡുകളുള്ള ഒരു ആശുപത്രി കെട്ടിടത്തിന്റെ പണി നടന്നുവരികയാണ്. കഴിഞ്ഞ വർഷം ഞാൻ തന്നെ ആ ആശുപത്രി സന്ദർശിക്കുകയുണ്ടായി. കെട്ടിട നിർമ്മാണം ഡിസംബർ മാസം 31-ന് മുൻപ് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അവിടെ ഡോക്ടർമാരെ പോസ്റ്റ് ചെയ്താലും അവർ അവിടെ പോകാൻ വിസമ്മതിക്കുന്നതിന് കാരണം അവിടെ ഡോക്ടർമാർക്ക് ക്വാർട്ടേഴ്സില്ലാത്തതുകൊണ്ടാണ്. അങ്ങ് അവിടത്തെ എം. പി. ആയിരുന്ന ആളാണ്. അങ്ങേക്ക് ഈ കാര്യം അറിയാവുന്നതാണ്. പ്രിൻസിപ്പൽ, പ്രൊഫസർമാർ, അസോഷിയേറ്റഡ് പ്രൊഫസർമാർ, ട്യൂട്ടേഴ്സ്, നേഴ്സസ് ഇവർക്കെല്ലാം വേണ്ട ക്വാർട്ടേഴ്സ് പണിയാനുള്ള ഉത്തരവ് ഗവൺമെൻറ് നൽകിക്കഴിഞ്ഞു.

V. 29-7-1986-ലെ *441-ാം നമ്പർ ചോദ്യം സംബന്ധിച്ചുള്ള തൊഴിൽ വകുപ്പു മന്ത്രിയുടെ പ്രസ്താവന

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, ഇന്നലെ കയർ വെൽഫെയർ സ്കീമിലേക്കുള്ള ബഡ്ജറ്റ് അലോട്ടുമെൻറിനെക്കുറിച്ച് പറയാമെന്ന് പറഞ്ഞിരുന്നു. 1983-84-ലേക്ക് 2.5 ലക്ഷം രൂപയായിരുന്നു ബഡ്ജറ്റ് പ്രൊവിഷൻ. അതിൽ 89,400 രൂപ ചെലവാക്കി. ആദ്യവർഷമായതുകൊണ്ട് യഥാസമയം ആവശ്യമായിട്ടുള്ള അപ്ലിക്കേഷൻസ് കിട്ടുന്നതിനും മറ്റും താമസമുണ്ടായി. അവസാനത്തെ സമയമായപ്പോൾ ഫൈനാൻഷ്യൽ കട്ടും ഉണ്ടായതുകൊണ്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ കുറച്ച് ചിലവാക്കിയത്. 1984-85-ൽ 50,000 രൂപ ഉൾപ്പെടുത്തിയിരുന്നു. ആ 50,000 രൂപയും ചെലവാക്കി. 1985-86-ൽ 80,000 രൂപയായിരുന്നു അലോക്കേഷൻ. അതിൽ 80,000 രൂപയും ചെലവായി. 1986-87-ലേക്ക് ഒരു ലക്ഷം രൂപയുണ്ട്. ആ ഒരു ലക്ഷം രൂപയും ചെലവാക്കുന്നതിനുള്ള നടപടികൾ നടത്തിവരുന്നു.

VI. മേശപ്പുറത്തുവച്ച കടലാസ്സുകൾ

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, 1986 ജൂലായ് 8-ാം തീയതിയിലെ വിജ്ഞാപനം നമ്പർ 18157/ജി 2/86 ഐ. ഡി. (എസ്. ആർ. ഒ. നമ്പർ 1052/86) ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു. 10 a.m.]

ജോയിന്റ് സെക്രട്ടറി നിയമസഭാ സെക്രട്ടറിയറ്റ്: ഇന്ത്യൻ ഭരണഘടനയുടെ പത്താം പട്ടിക 8-ാം ഖണ്ഡിക ഒന്നാം ഉപഖണ്ഡിക അനുസരിച്ച് ബഹുമാനപ്പെട്ട സ്പീക്കർ നിർമ്മിച്ച 1986-ലെ കേരള നിയമസഭാ സാമാജികർ (കൂറുമാറ്റത്തിന്റെ അടിസ്ഥാനത്തിൽ അയോഗ്യത കൽപ്പിക്കൽ) ചട്ടങ്ങൾ സെക്രട്ടറിക്കുവേണ്ടി ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

VII. അവിശ്വാസപ്രമേയം

ശ്രീ. കെ. കരുണാകരന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ അവിശ്വാസം രേഖപ്പെടുത്തിക്കൊണ്ടുള്ള ശ്രീ. ഇ. കെ. നായനാരുടെ പ്രമേയത്തെപ്പറ്റിയുള്ള ചർച്ച

ശ്രീ. ഇ. കെ. നായനാർ: സ്പീക്കർ സർ, "കേന്ദ്രഗവൺമെന്റ് അനഭിമതരായി പ്രഖ്യാപിച്ച കുറെ ഗ്രൂപ്പുകൾക്ക് സംസ്ഥാനത്തുടനീളം രാജ്യദ്രോഹ പ്രവർത്തനങ്ങൾ നടത്താൻ ഒത്താശ ചെയ്തുകൊടുത്ത മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരും 'പഞ്ചാബ് മോഡൽ' പ്രസംഗം ചെയ്തതിന് രാജ്യദ്രോഹത്തിന്റെപേരിൽ മന്ത്രിസഭയിൽനിന്നും ഒഴിവാക്കപ്പെട്ടിരുന്ന ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും അധികാരത്തിൽ തുടരുന്നതിനാലും;

പ്രീഡിഗ്രി ബോർഡ് രൂപീകരണ തീരുമാനത്തിലൂടെ സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ മേഖലയെ സ്വകാര്യ വിദ്യാഭ്യാസ കച്ചവടക്കാർക്ക് അടിയറവയ്ക്കാൻ സർക്കാർ സ്വീകരിച്ച നടപടിക്കെതിരെ കോളേജ് അദ്ധ്യാപകരും അദ്ധ്യാപകേതര ജീവനക്കാരും യൂണിവേഴ്സിറ്റി ജീവനക്കാരും വിദ്യാർത്ഥികളും നടത്തിയ സമരത്തിൽ പങ്കെടുത്തവർക്കെതിരായി പ്രതികാര നടപടികൾ തുടരുകയും സർക്കാർ നൽകിയ ഉറപ്പ് ലംഘിക്കുകയും ചെയ്തിരിക്കുന്നതിനാലും;

അഴിമതി വ്യാപകമാക്കുകയും ക്രമസമാധാനനില തകർക്കുകയും ചെയ്ത മന്ത്രിസഭ അധികാരത്തിൽ തുടരുന്നത് സംസ്ഥാന ജനതയ്ക്ക് ആപത്കരമായതിനാലും;

മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ ഈ സഭ അവിശ്വാസം രേഖപ്പെടുത്തുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly